പ്രസിദ്ധീകരണത്തിന്

തിരുവനന്തപുരം
2-2-2016

# വൈദ്യുതി നിലയങ്ങൾക്ക് യഥാർത്ഥ വിലയ്ക്ക് ഡീസൽ നൽകണം - കെ.പി.ധനപാലൻ

അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ്ഓയിലിന്റെ വില 30 ഡോളറിൽ താഴെയായ സ്ഥിതിക്ക് വൈദ്യുതി നിലയങ്ങൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ ഡീസൽ യഥാർത്ഥ വിലയ്ക്ക് കെ.എസ്ഇ.ബി ഉൾപ്പടെയുള്ള സ്ഥാപനങ്ങൾക്ക് നൽകണമെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) പ്രസിഡന്റ് കെ.പി.ധനപാലൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി ഗവൺമെന്റ് ഉടമസ്ഥതയിലുള്ള വൈദ്യുതി കമ്പനികൾ ജനങ്ങൾക്ക് വൈദ്യുതി നൽകുന്നത് സബ്സിഡിയോടെയാണ്. ഡീസൽ യഥാർത്ഥ വിലയായ 25 രൂപയ്ക്ക് നൽകിയാൽ കായംകുളം ഉൾപ്പടെയുള്ള വൈദ്യുതി നിലയങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉത്പ്പാദിക്കാനും അതുവഴി ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാനും കഴിയും.

ഇന്നിവിടെ വി.പി.മരയ്ക്കാർ സ്മാരക മന്ദിരത്തിൽ ചേർന്ന കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) സംസ്ഥാന വർക്കിംഗ് കമ്മിറ്റി യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസ് അദ്ധ്യക്ഷനായിരുന്നു. സർവ്വീസിൽ നിന്നും വിരമിച്ച സംസ്ഥാന ഭാരവാഹികളായ സി.വി.രാധാകൃഷ്ണൻ, കെ.ദാമോദരൻ, സി.അശോകരാജ് എന്നിവർക്ക് യാത്രയയപ്പ് നൽകി. വി.ഗോപകുമാർ, കെ.സി.രാജൻ, നുസുറ, പ്രതീപ് നെയ്യാറ്റികര, ആർ.അജിത്കുമാർ എന്നിവർ സംസാരിച്ചു.

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)
മൊബൈൽ: 9447303578